# ടൈംസ് ഹയർ എഡ്യുക്കേഷൻ ഇംപാക്ട് റാങ്കിങ്ങിൽ അമൃതയ്ക്ക് ഒന്നാം സ്ഥാനം

**സ്വന്തം ലേഖകൻ**

**കൊല്ലം**

ടൈംസ് ഹയർ എഡ്യുക്കേഷന്റെ ഇംപാക്ട് റാങ്കിങ്ങിൽ രാജ്യത്തെ ഒന്നാമത്തെ സർവകലാശാലയായി അമൃത വിശ്വവിദ്യാപീഠം. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന സൂചികകളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നിർണയിക്കുന്ന റാങ്കിങ്ങിൽ ആഗോളതലത്തിൽ 41–ാം സ്ഥാനത്താണ് അമൃത. 130 രാജ്യങ്ങളിലെ 2540ൽ അധികം സർവകലാശാലകളിൽനിന്നുമാണ് ഈ നേട്ടം കൈവരിച്ചത്. 148 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കൂടുതൽ പങ്കാളിത്തമുള്ള രാജ്യം എന്ന നേട്ടം ഇന്ത്യയും സ്വന്തമാക്കി. നാലാമത്തെ വികസനലക്ഷ്യം പ്രകാരം ലോകത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന അഞ്ചാമത്തെ സർവകലാശാലയാണ് അമൃത വിശ്വവിദ്യാപീഠം. കുറഞ്ഞ ചെലവിൽ ശുദ്ധമായ ഊർജം ഉറപ്പുവരുത്തുന്ന സർവകലാശാല ലിംഗ സമത്വം, ആരോഗ്യവും ക്ഷേമവും, അടിസ്ഥാന സൗകര്യങ്ങൾ, മലിനജല സംസ്കരണം, ശുദ്ധജലം, മികച്ച കാലാവസ്ഥാ പ്രവർത്തനങ്ങൾ എന്നി പട്ടികകളിലും ഇടം പിടിച്ചു.

ഗവേഷണ പാഠ്യപദ്ധതിയുടെ ഭാഗമായി രാജ്യത്തെ ഗ്രാമീണജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ നടത്തുന്ന ലിവ് ഇൻലാബ്സ് പദ്ധതിയും സർവകലാശാല നടപ്പാക്കി. ഇതിലൂടെ 25 സംസ്ഥാനങ്ങളിലായി 150ൽ അധികം പ്രവർത്തനങ്ങൾ നടത്തി 10 ലക്ഷത്തോളം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തി. ശുദ്ധജലം, ഗ്രാമീണ വൈദ്യുതീകരണം, ആരോഗ്യസേവനം, സുസ്ഥിരകൃഷി തുടങ്ങി നിരവധി മേഖലയിലും ഇടപെടൽ നടത്തി. ഇവയെ ലോക സമ്പദ്‌വ്യവസ്ഥാ ഫോറം ഏറ്റവും മികച്ച സുസ്ഥിര വിദ്യാഭ്യാസ മാതൃകയായി ഉയർത്തിക്കാട്ടി.